## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2942 18.06.2018-ൽ മറുപടിയ്ക്ക്

### ഭൂമിയുടെ താരിഫ് വില

| ചോദ്യം : | മറുപടി : |
|---|---|
| ശ്രീ.ആന്റണി ജോൺ | ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) കോതമംഗലം താലൂക്കിലെ ഇരമല്ലൂർ വില്ലേജിലെ ഭൂമിയുടെ താരിഫ് വില തൊട്ടടുത്ത വില്ലേജുകളിലെയും മുനിസിപ്പൽ ടൗണിലെയും താരിഫ് വിലയുടെ അഞ്ചിരട്ടിയായി നിശ്ചയിച്ചിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതു സംബന്ധിച്ച് സർക്കാരിൽ ലഭിച്ചതും 2381387/2018/M/Revenue എന്ന നമ്പറിൽ രജിസ്റ്റർ ചെയ്തതുമായ അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) 2381387/2018/M/Revenue നമ്പരിൽ രജിസ്റ്റർ ചെയ്ത അപേക്ഷയിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി റവന്യൂ വകുപ്പ് മന്ത്രിയുടെ കാര്യാലയത്തിൽ നിന്നും ലാൻഡ് റവന്യൂ കമ്മീഷണർക്ക് നേരിട്ടയച്ചു കൊടുത്തിട്ടുണ്ട്. |
| (സി) ഇരമല്ലൂർ വില്ലേജിലെ ഈ താരിഫ് വില മാറ്റം പുനർനിശ്ചയിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) കേരള സംസ്ഥാനമൊട്ടാകെയുള്ള ഭൂമിയുടെ ന്യായവില പുനർനിർണ്ണയം നടത്തുവാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യം സംബന്ധിച്ച സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് ഇരമല്ലൂർ വില്ലേജിലെയുൾപ്പെടെയുള്ള സ്ഥലങ്ങളിലെ ന്യായവില പുനർനിർണ്ണയിക്കുന്നതും അപ്രകാരം പുനർനിർണ്ണയിക്കുമ്പോൾ പ്രസ്തുത വില്ലേജിലെ ന്യായവിലയിൽ നിലനിൽക്കുന്ന അപാകതകൾക്ക് പരിഹാരമാകുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ**